പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 193 06.01.2014 ൽ മറുപടിക്ക്

സ്ത്രീ സൗഹൃദ ഓട്ടോകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>„ അൻവർ സാദത്ത്<br>„ കെ. ശിവദാസൻ നായർ<br>„ എം. എ. വാഹീദ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് നഗരങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ ഓട്ടോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന്വിശദമാക്കുമോ ; | (ബി) | സ്ത്രീ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് സുരക്ഷിതമായ യാത്ര, (പ്രത്യേകിച്ചും അസമയങ്ങളിൽ) ഒരുക്കുന്നതിനായി ലക്ഷ്യമിട്ടുകൊണ്ടാണ് തിരുവനന്തപുരം സിറ്റി പോലീസ് പിങ്ക് ഓട്ടോസ് എന്ന പേരിൽ സ്ത്രീ സൗഹൃദ ഓട്ടോറിക്ഷ എന്ന സംരംഭം ആരംഭിച്ചത്. |
| (സി) സംസ്ഥാനത്തെ നഗരങ്ങളെ സ്ത്രീ സൗഹൃദമാക്കുവാനും സ്ത്രീകളുടെ യാത്രാസുരക്ഷയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ; | (സി) | നഗരങ്ങളിൽ സ്ത്രീകൾക്ക് സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾ കൂടുതലായി എത്തിച്ചേരാൻ സാധ്യതയുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മാർക്കറ്റുകൾ, സിനിമാ തിയറ്ററുകളുടെ പരിസരങ്ങൾ എന്നീ സ്ഥലങ്ങളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ളവരെ നിയമിച്ച് പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം സ്ത്രീകളുടെ യാത്രാസുരക്ഷിതത്വത്തിനായി പോലീസ് മുൻകൈയെടുത്ത് സ്ത്രീ സൗഹൃത ഓട്ടോറിക്ഷകളുടെ സേവനം ഒരു തുടക്കം എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | സ്ത്രീ സൗഹൃദ ഓട്ടോറിക്ഷ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കി വരികയാണ് വിജയകരമാണെങ്കിൽ മറ്റ് നഗരങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ